# കേരള നിയമസഭ
# 18.12.2012–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 18, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |

## എഡ്യൂ – ഹെൽത്ത് സിറ്റി പദ്ധതി

*181 ശ്രീ. സി. ദിവാകരൻ
,, ഇ. കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള സംഗമത്തിൽ എഡ്യൂ – ഹെൽത്ത് സിറ്റി പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിൽ എന്തെല്ലാമാണുൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ സ്ഥലം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലം അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം വകുപ്പുകളുടെ കൈവശമിരുന്ന ഭൂമിയാണ് നൽകിയതെന്നും വ്യക്തമാക്കുമോ; പ്രസ്തുത ഭൂമിയ്ക്ക് എന്തു വില വരുമെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലെ മുതൽ മുടക്ക് എത്രയാണെന്നും മുതൽ മുടക്കുന്നവർ ആരെല്ലാമാണെന്നും പ്രസ്തുത പദ്ധതി എവിടെയാണ് ആരംഭിക്കുന്നതെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.12.2012–ലെ മറുപടിക്ക്**

<u>കൊച്ചി മെട്രോ നിര്‍മ്മാണവും ക്യാബിനറ്റ് തീരുമാനങ്ങളും</u>

*182 ശ്രീ. പി. റ്റി. എ. റഹീം
,, കോടിയേരി ബാലകൃഷ്ണന്‍
,, എസ്. ശര്‍മ്മ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊച്ചി മെട്രോ നിര്‍മ്മാണചുമതല ഇ.ശ്രീധരനും, ഡി. എം. ആര്‍. സി.ക്കും തന്നെ നല്‍കുന്നതിന് വേണ്ട എന്തെല്ലാം നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എത്ര പ്രാവശ്യം കാബിനറ്റ് തീരുമാനം എടുത്തു;

(സി) പ്രസ്തുത തീരുമാനങ്ങളുടെ പകര്‍പ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ക്യാബിനറ്റ് തീരുമാനങ്ങള്‍ അനുസരിച്ച് ഉത്തരവുകള്‍ പുറപ്പെടുവിക്കുകയോ അനന്തര നടപടികള്‍ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കില്‍ ഉത്തരവുകളുടെ പകര്‍പ്പ് ലഭ്യമാക്കുമോ;

(എഫ്) ഉത്തരവ് പുറപ്പെടുവിച്ചില്ലെങ്കില്‍ അതിനുള്ള കാരണങ്ങള്‍ വ്യക്തമാക്കുമോ;

(ജി) എമര്‍ജിംഗ് കേരളയില്‍ സ്വകാര്യ നിക്ഷേപകര്‍ക്കായി കൊച്ചി മെട്രോ ഉള്‍പ്പെടുത്തിയിരുന്നോ;

(എഫ്) എങ്കില്‍ ഡി. എം. ആര്‍. സി.യെ ഏല്പിക്കണമെന്ന കാബിനറ്റ് തീരുമാനത്തിന് വിരുദ്ധമായി ഈ പദ്ധതി എമര്‍ജിംഗ് കേരളയില്‍ ഉള്‍പ്പെടുത്തിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ഓർഡിനൻസുകൾ</u>

*183 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യൂ റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് സർക്കാർ നയം വിശദമാക്കാമോ ;

(സി) പല ആവർത്തി പ്രഖ്യാപിക്കേണ്ടിവരുന്ന ഓർഡിനൻസുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.12.2012–ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യുടെ വിജിലൻസ് സ്ക്വാഡുകളുടെ ഘടനയും പ്രവർത്തനോദ്ദേശവും</u>

*184 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, പി. കെ. ഗുരുദാസൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ വിജിലൻസ് സ്ക്വാഡുകളുടെ ഘടനയും പ്രവർത്തനോദ്ദേശ്യവും എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണം നടത്താൻ വിജിലൻസ് വിഭാഗത്തിന് അധികാരമുണ്ടോ ; എങ്കിൽ അത് വിശദമാക്കാമോ ;

(സി) ഓരോ ജില്ലയിലും സ്ക്വാഡുകളുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ;

(ഡി) ബസ്സുകളിൽ പരിശോധന നടത്തി ടിക്കറ്റ് എടുക്കാത്ത യാത്രക്കാരെ കണ്ടുപിടിക്കുന്നതിനും പിഴ ഈടാക്കുന്നതിനുമുള്ള സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ ;

(ഇ) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സ്വകാര്യപങ്കാളിത്തത്തോടെയുള്ള ചെറുകിട</u>
<u>വൈദ്യുത പദ്ധതികൾ</u>

*185 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വൈദ്യുത പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നയപ്രകാരമുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും എന്തെല്ലാമാണ് ;

(സി) എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് .

(ഡി) പദ്ധതി നടപ്പാക്കാനുള്ള പങ്കാളികളെ തെരഞ്ഞെടുക്കുന്ന രീതി വിശദീകരിക്കാമോ ;

(ഇ) ഉത്പ്പാദിക്കപ്പെടുന്ന വൈദ്യുതിയുടെ ഉപഭോഗം സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 18.12.2012–ലെ മറുപടിക്ക്

<u>മോട്ടോർ വാഹന നിയമത്തിൽ പരിഷ്ക്കാരം</u>

*186 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
,, പി. ഉബൈദുള്ള
,, വി.എം. ഉമ്മർമാസ്റ്റർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമത്തിൽ പരിഷ്ക്കാരം വരുത്തുവാൻ കേന്ദ്ര ഗതാഗതമന്ത്രാലയം ആലോചിക്കുന്ന കാര്യം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം നല്കുമോ ;

(ബി) ദേശീയ റോഡ്സുരക്ഷാ സമിതിയിൽ ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി.യുടെ റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വരവ് ചെലവുകൾ</u>

*187 ശ്രീ. കെ. സുരേഷ് കുറുപ്പ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. രാജു എബ്രഹാം
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കെ.എസ്.ഇ.ബി.യുടെ വരവ് ചെലവ് കണക്കുകൾ ട്രൂ അപ്പ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാമ്പത്തിക വർഷം വരെ;

(ബി) റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച ട്രൂ അപ്പ് കണക്കുകൾ പ്രകാരം 2008-09 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കെ.എസ്.ഇ.ബി. യുടെ ആകെ റവന്യൂ സർപ്ലസ് എത്ര തുകയാണ്;

(സി) 2009-10, 2010-11 വർഷങ്ങളിലെ കമ്മീഷൻ അംഗീകരിച്ച ട്രൂ അപ്പ് കണക്കുകൾ പ്രകാരം അതാത് വർഷത്തെ കമ്മി എത്ര തുക വീതമാണ്;

(ഡി) കമ്മീഷൻ അംഗീകരിച്ച പ്രസ്തുത കണക്കുകൾ പ്രകാരം 2010-11 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ മുൻ വർഷങ്ങളിലെ സർപ്ലസ്, കമ്മി എന്നിവ കണക്കിലെടുത്ത ശേഷം ബോർഡിനുള്ള റവന്യൂ കമ്മി അല്ലെങ്കിൽ മിച്ചം എത്രയാണ്?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ കോർബാങ്കിംഗ്</u>

*188 ശ്രീ. പാലോട് രവി
,, വി. ഡി. സതീശൻ
,, എം. പി. വിൻസെന്റ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് സമ്പൂർണ്ണ കോർ ബാങ്കിംഗ് പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം ;വിശദമാക്കുമോ ;

(സി) ഏത് ഏജൻസിവഴിയാണ് പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നത് ; വിശദമാക്കുമോ;

(ഡി) സഹകരണ ബാങ്കുകളിൽ എ. ടി. എം. മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പാക്കേജിൽ ഉൾപ്പെടുത്തുമോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.12.2012–ലെ മറുപടിക്ക്

<u>'കൈത്തറിയിൽ പ്രാദേശിക ബ്രാന്റുകളുടെ വികസനം'</u>

*189 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, പി. സി. വിഷ്ണുനാഥ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'കൈത്തറിയിൽ പ്രാദേശിക ബ്രാന്റുകളുടെ വികസനം' എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) പദ്ധതി പ്രകാരം കൈത്തറി ഉൽപ്പന്നങ്ങളെ എത്ര മേഖലകളിലായി തരം തിരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി ഏത് വകുപ്പ്/ഏജൻസി മുഖേനയാണ് നടപ്പാക്കുന്നത് ; വിശദമാക്കാമോ ;

(ഡി) കേരളത്തിന്റെ കൈത്തറി ഉൽപ്പന്നങ്ങൾ പൊതു നാമത്തിൽ അറിയപ്പെടുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുമ്പോൾ കേരളത്തിന്റെ തനിമയും പൈതൃകവും ആസ്പദമാക്കിയുള്ള രൂപങ്ങളും നിറക്കൂട്ടുകളും സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള പദ്ധതികൾക്കുള്ള അനുമതി</u>

*190 ശ്രീ. സി. കൃഷ്ണൻ
,, എളമരം കരീം
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയെ തുടർന്ന് രൂപം നൽകിയ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലിന്റെയും ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെയും അധികാരാവകാശങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കുമോ;

(ബി) പ്രസ്തുത സമിതികൾ ഇതിനകം എത്ര തവണ കൂടുകയുണ്ടായെന്നും എന്തെല്ലാം തീരുമാനങ്ങൾ എടുക്കുകയുണ്ടായിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) എമർജിംഗ് കേരളയിൽ ഷോക്കേസ് ചെയ്ത, എന്തു തുക നിക്ഷേപം പ്രതീക്ഷിക്കുന്ന, എത്ര പദ്ധതികൾക്ക് പ്രസ്തുത സമിതികൾ ഇതിനകം അനുമതി നൽകുകയുണ്ടായി ; ഇപ്പോഴും സമിതികളുടെ പരിഗണനയിലിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ;

(ഡി) ഈ സമിതികളുടെ പരിഗണനയ്ക്ക് വന്നതും തള്ളിക്കളഞ്ഞതോ മാറ്റിവച്ചതോ ആയ പദ്ധതികൾ ഏതെല്ലാമാണ്?

# കേരള നിയമസഭ
## 18.12.2012–ലെ മറുപടിക്ക്

<u>സംസ്ഥാന സഹകരണ വിജിലൻസ് സംവിധാനം</u>

*191 ശ്രീ. എം. ഹംസ
,, ജി. സുധാകരൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വിജിലൻസ് സംവിധാനം എന്താണെന്നും അവയുടെ പ്രവർത്തന ഉദ്ദേശ്യങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ ;

(ബി) വിജിലൻസ് തലവന്റെ തസ്തിക എത്രകാലമായി ഒഴിഞ്ഞുകിടക്കുകയാണ്; ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ ലഭിക്കുന്ന പരാതികൾ എപ്രകാരമാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സഹകരണ വിജിലൻസ് വിഭാഗത്തിൽ മുഴുവൻ ജീവനക്കാരേയും നിയമിച്ച് ഈ സെല്ലിന്റെ പ്രവർത്തനം ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>സ്വദേശി വ്യവസായങ്ങളുടെ സംരക്ഷണം</u>

*192 ശ്രീ. റ്റി. വി. രാജേഷ്
,, എ. കെ. ബാലന്‍
,, പുരുഷന്‍ കടലുണ്ടി
,, സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വദേശി വ്യവസായങ്ങളെ സംരക്ഷിക്കാത്തതു മൂലം മറ്റു സംസ്ഥാനങ്ങളിലേക്ക് അവ മാറ്റപ്പെടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സ്വദേശി വ്യവസായങ്ങളെ സംരക്ഷിക്കുന്നതു സംബന്ധിച്ച സര്‍ക്കാര്‍ നയം വ്യക്തമാക്കാമോ ;

(സി) ദശകങ്ങളായി പ്രവര്‍ത്തിക്കുന്നതും വിദേശനാണ്യം നേടിത്തന്നുകൊണ്ടിരിക്കുന്നതുമായ വ്യവസായ സ്ഥാപനങ്ങള്‍ സര്‍ക്കാര്‍ സംവിധാനങ്ങളുടെ തെറ്റായ ഇടപെടലുകള്‍ മൂലം സംസ്ഥാനത്തു നിന്നും പ്രവര്‍ത്തനം മാറ്റുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

വിധിന്യായങ്ങളുടെ മലയാളപരിഭാഷ

*193 ശ്രീ. ജോസഫ് വാഴക്കൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി.സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിധിന്യായങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് ജേർണൽ രൂപത്തിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ കോടതികളിലെ വിധിന്യായങ്ങളാണ് ഇതിനുവേണ്ടി തെരഞ്ഞെടുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) തർജ്ജമ ചെയ്തിട്ടില്ലാത്ത നിയമങ്ങളും പ്രധാന ഉത്തരവുകളും വിജ്ഞാപനങ്ങളും ജേർണലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഇ) ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 18.12.2012–ലെ മറുപടിക്ക്

<u>റോഡ് സുരക്ഷാ അതോറിറ്റി ആക്ട്</u>

*194 ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എം. എ. ബേബി
'' ബി. സത്യൻ
ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ അതോറിറ്റി ആക്ട് എന്നാണ് നിലവിൽവന്നതെന്നും അതനുസരിച്ച് പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ മുഴുവനായും പുറപ്പെടുവിച്ചോ എന്നും വ്യക്തമാക്കുമോ;

(ബി) ഈ നിയമം നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012–ലെ മറുപടിക്ക്

<u>സർവ്വീസ് ബോട്ടുകൾക്ക് സൗരോർജ്ജ വൈദ്യുതി</u>

*195 ശ്രീ. വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വീസ് ബോട്ടുകളുടെ യാത്രയ്ക്ക് സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ആയതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ;

(സി) ഇതു സംബന്ധിച്ച പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഈ പദ്ധതി എന്ന് നടപ്പാക്കാനാകും ?

**കേരള നിയമസഭ**
**18.12.2012-ലെ മറുപടിക്ക്**

വൈദ്യുതി സർവ്വീസ് കണക്ഷൻ

*196 ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
,, പുരുഷൻ കടലുണ്ടി
,, കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഷ് ഡെപ്പോസിറ്റ് അടച്ച് വൈദ്യുതി സർവ്വീസ് കണക്ഷന് കാത്തിരിക്കുന്നവർക്ക് കണക്ഷൻ നൽകാൻ ബാക്കിയുണ്ടോ ;

(ബി) നോർമൽ പ്രയോറിട്ടി കണക്ഷനുകൾ നിർത്തലാക്കിയ സ്ഥിതിക്ക് ഇവർക്ക് കണക്ഷൻ നൽകാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പട്ടികജാതി - പട്ടികവർഗ്ഗം, വികലാംഗർ തുടങ്ങിയ വിവിധ വിഭാഗങ്ങൾക്ക് നൽകിയിരുന്ന മുൻഗണനാ കണക്ഷനുകൾ നിർത്തലാക്കിയ നടപടി പുന:പരിശോധിക്കുമോ ;

(ഡി) ഈ വിഭാഗത്തിലെ എത്ര ഉപഭോക്താക്കൾ കണക്ഷന് വേണ്ടി കാത്തു നിൽക്കുന്നുണ്ട് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ശബരിമല തീർത്ഥാടകർക്കുള്ള യാത്രാ സൗകര്യം</u>

*197 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് കെ. എസ്. ആർ. ടി. സി ഏർപ്പെടുത്തിയിരിക്കുന്ന വിപുലമായ യാത്രാ സൗകര്യങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ. എസ്. ആർ. ടി. സി അയ്യപ്പ ഭക്തർക്ക് നൽകിവരുന്ന മികച്ച സേവനം വിപുലമാക്കി തീർത്ഥാടനം സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) മണ്ഡല-മകര വിളക്ക് കാലത്ത് കൂടുതൽ ക്ഷേത്ര നഗരങ്ങളിൽ നിന്നും കെ. എസ്. ആർ. ടി. സി സർവ്വീസുകൾ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.12.2012–ലെ മറുപടിക്ക്

കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എൻ.ടി.പി. സി.യുമായി ഒപ്പിട്ട ധാരണാപത്രം

*198 ശ്രീമതി. കെ.എസ്. സലീഖ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ.വി. വിജയദാസ്
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എൻ. ടി.പി.സി.യുമായി ഒപ്പിട്ട ധാരണാപത്രത്തിന്റെ നിലവിലുള്ള സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്ത് തടസ്സമാണ് നിലവിലുള്ളത് ;

(സി) എൻ.ടി.പി.സി.യുമായി കരാർ ഒപ്പിട്ടത് മറ്റ് സംരംഭകരുമായി ചേർന്ന് കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടോ ;

(ഡി) കേരളത്തിൽ കാറ്റാടി വൈദ്യുത പദ്ധതികളുടെ സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത് ; അവശേഷിക്കുന്ന സാദ്ധ്യതകൾ സംബന്ധിച്ച് വിശദമാക്കാമോ ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാറ്റാടി നിലയം വഴി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു; ഈ സർക്കാരിന്റെ കാലത്ത് അത് എത്രയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012–ലെ മറുപടിക്ക്

കാരുണ്യാ ബെനവലന്റ് ഫണ്ട് സഹായ നിബന്ധനകൾ

*199 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ ബെനവലന്റ് ഫണ്ടിൽ നിന്നും നിർദ്ധനരായ രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാം ; ഈ നിബന്ധനകൾ രോഗികൾക്ക് സാമ്പത്തിക സഹായം ലഭിയ്ക്കുന്നതിന് തടസ്സം സൃഷ്ടിക്കാറുണ്ടോ; എങ്കിൽ നിബന്ധനകൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഈ പദ്ധതിപ്രകാരം ഏതെല്ലാം രോഗങ്ങൾക്കാണ് സാമ്പത്തിക സഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.12.2012–ലെ മറുപടിക്ക്

<u>ഗുണമേന്മയുള്ള മരുന്നു നിർമ്മാണത്തിന് പുതിയ സംരംഭങ്ങൾ</u>

*200 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിൽ അലോപ്പതി മരുന്നുകൾ നിർമ്മിക്കുന്നതിന് എത്ര സ്ഥാപനങ്ങളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ എത്രത്തോളം മെച്ചപ്പെട്ടതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കുമോ ;

(സി) കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തുതന്നെ ഗുണമേന്മയുള്ള മരുന്നുകൾ വ്യാവസായികടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് പുതിയ സംരംഭങ്ങൾ ആരംഭിയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>ഓൺ ലൈൻ ലോട്ടറി വിൽപ്പന</u>

*201 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, ആർ. സെൽവരാജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺ ലൈൻ ലോട്ടറി വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഓൺ ലൈൻ ലോട്ടറി തടയാൻ ജില്ലാ കളക്ടർമാർക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>വൈദ്യുതി താരീഫ്</u>

*202 ശ്രീ. സി. കെ. സദാശിവൻ
,, ഇ. പി. ജയരാജൻ
,, എ. പ്രദീപ് കുമാർ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിരക്കനുസരിച്ച് സംസ്ഥാനത്തെ വൈദ്യുതിയുടെ താരീഫും വർദ്ധിപ്പിക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം സംസ്ഥാനത്ത് നടപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വ്യവസായ-കാർഷിക-ഐ. ടി. മേഖലകളെ ഈ നിർദ്ദേശം ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പെട്രോളിയം ഉല്പന്നങ്ങളുടേത് പോലെ വില അടിക്കടി വർദ്ധിപ്പിക്കുന്ന ഇമ്പോർട്ട് പാരിറ്റി പ്രൈസിംഗ് രീതിക്ക് സമാനമായിട്ടുള്ളതാണ് പുതിയ കേന്ദ്ര നിർദ്ദേശം എന്ന കാര്യം അറിയാമോ;

(ഡി) 2003-ലെ കേന്ദ്ര വൈദ്യുതി നിയമം നടപ്പിലാക്കിയതിനുശേഷം വൈദ്യുതി വിലയിലുണ്ടായ വർദ്ധനയെ സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 18.12.2012–ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളുടെ ജപ്തി നടപടി</u>

*203 ശ്രീ. സി.എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ ജപ്തി നടപടികൾ ഒഴിവാക്കാൻ തവണ വ്യവസ്ഥയിൽ കുടിശ്ശിക തുക ഈടാക്കാൻ നൽകുന്ന നിർദ്ദേശം പല സഹകരണ സ്ഥാപനങ്ങളും നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ റിക്കവറി നടപടികളിൽ സാധാരണക്കാരനെ സഹായിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.12.2012–ലെ മറുപടിക്ക്

<u>സാഫല്യം പദ്ധതി</u>

*204

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് സൗജന്യനിരക്കിൽ ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്ന സാഫല്യം പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>റെയിൽപാളം അട്ടിമറി</u>

T *205 ശ്രീ. എ. എം. ആരിഫ്
,, ബാബു. എം. പാലിശ്ശേരി
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ പാളങ്ങളിൽ ഇടയ്ക്കിടെ അട്ടിമറി ശ്രമങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അട്ടിമറി ശ്രമങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആസൂത്രിതമായ അട്ടിമറിക്ക് പിന്നിൽ ഏതെങ്കിലും കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇത്തരം സംഭവങ്ങളെ ലഘൂകരിച്ച് കാണുന്നത് അപകടകരമാണെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ഡി) അട്ടിമറി ശ്രമങ്ങൾ സംബന്ധിച്ച് ഏതെങ്കിലും കേന്ദ്രത്തിലുള്ളവർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>എൽ.എൻ.ജി. ടെർമിനലിന്റെ പൂർത്തീകരണം</u>

*206 ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ എൽ.എൻ.ജി. പദ്ധതിയുടെ പൂർത്തീകരണം ഏതു ഘട്ടം വരെയായി ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ എന്തെല്ലാം നേട്ടങ്ങളാണ് സംസ്ഥാനത്തിന് ആർജ്ജിക്കാൻ കഴിയുക ; വ്യക്തമാക്കുമോ :

(സി) പ്രസ്തുത പ്രകൃതിവാതകം ടെർമിനലിൽനിന്ന് മറ്റുമേഖലകളിലേക്ക് കൊണ്ടുപോകുന്നതിനുള്ള വിതരണ ശൃംഖലയുടെ പണികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറിയുടെ നിർമ്മാണം</u>

*207

ശ്രീ. വി. ചെന്താമരാക്ഷൻ
,, എ. കെ. ബാലൻ
,, എം. ചന്ദ്രൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) അലൂമിനിയം കോച്ച് ഫാക്ടറിക്ക് ആഗോള ടെൻഡർ വിളിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുമെന്ന് കേന്ദ്ര മന്ത്രി നൽകിയിരുന്ന വാഗ്ദാനം പാലിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഈ ഫാക്ടറിക്കായി മുൻസർക്കാർ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്ത് നൽകിയിരുന്നത്;

(ഡി) ഈ സർക്കാർ അതിനുശേഷം അധികമായി ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി താൽക്കാലിക ഓഫീസ് പ്രവർത്തനമെങ്കിലും ഇവിടെ തുടങ്ങാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നോ;

(എഫ്) ചുറ്റുമതിൽ നിർമ്മാണത്തിന് ഏത് കമ്പനിക്കാണ് ടെൻഡർ നൽകിയതെന്നും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ജി) കഞ്ചിക്കോട് ഫാക്ടറിക്കു ശേഷം പ്രഖ്യാപിച്ച റായ്ബറേലിയിലെ റെയിൽവേ കോച്ച് ഫാക്ടറി ഉദ്ഘാടനം ചെയ്തിട്ടും കഞ്ചിക്കോട് കോച്ച് ഫാക്ടറി ആരംഭിക്കാത്തത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>വീട്ടുമുറ്റത്തൊരു ത്രിവേണി പദ്ധതി</u>

*208 ശ്രീ. സി.പി. മുഹമ്മദ്
,, പി.സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'വീട്ടുമുറ്റത്തൊരു ത്രിവേണി' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(ഡി) സംസ്ഥാനത്ത് മുഴുവൻ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിനു പുറത്തു നിന്നുള്ള വൈദ്യുതി</u>

*209 ശ്രീ. അൻവർ സാദത്ത്
,, എം.എ. വാഹീദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കൾക്ക് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിന് സംവിധാനമേർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എവിടെ നിന്നെല്ലാമാണ് ഇങ്ങനെ വൈദ്യുതി വാങ്ങാൻ കഴിയുന്നത്;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;റ

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 18.12.2012–ലെ മറുപടിക്ക്

<u>സംയോജിത ഔട്ട്ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം</u>

*210 ശ്രീ. സണ്ണി ജോസഫ്
,, കെ. മുരളീധരൻ
,, എ. റ്റി.ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത ഔട്ട് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എവിടെയെല്ലാമാണ് ഇവ പ്രവർത്തിക്കുന്നത്; ഈ സംവിധാനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ഡിസംബർ 09.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.